"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്

നമ്പർ. ബി3/318/2024-ആ.കു.വ. 17-02-2025,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്

സർ,

വിഷയം:- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അനധികൃതാവധിയിൽ തുടരുന്ന ഡോക്ടർമാർക്കുള്ള കാരണം കാണിക്കൽ നോട്ടീസ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കേണ്ടത് - സംബന്ധിച്ച്

സൂചന:- 10.12.2024 -ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടിസ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അനധികൃതാവധിയിൽ തുടരുന്ന ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കാരണം കാണിക്കൽ നോട്ടിസ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പൂർണ്ണരൂപത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ വെബ് സൈറ്റിൽ അടിയന്തരമായി പ്രസിദ്ധീകരിച്ച് വിവരം സർക്കാരിൽ ലഭ്യമാക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
BINDU O
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ: ബി3/318/2024-ആ.കു.വ. ആരോഗ്യ കുടുംബക്ഷേമ (ബി) വകുപ്പ്

തിരുവനന്തപുരം, തീയതി: 10-12-2024

## കാരണം കാണിക്കൽ നോട്ടീസ്

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ സേവനത്തിലുണ്ടായിരുന്ന ചുവടെ പട്ടികയിൽ പറയുന്ന അസിസ്റ്റന്റ് പ്രൊഫസർമാർ, അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയാണ്. കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസ രംഗം രാജ്യത്താകമാനം മാതൃകയായി നില്ക്കുന്ന സാഹചര്യത്തിൽ ടി ഡോക്ടർമാർ ജോലിയിൽ നിന്നും അനധികൃതമായി വിട്ട് നിൽക്കുന്നത് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെയും രോഗീ പരിചരണത്തേയും സാരമായി ബാധിക്കുന്നതിനാൽ, അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നത് അതീവ ഗുരുതര വിഷയമായി സർക്കാർ കാണുന്നു. അതിനാൽ, പ്രസ്തുത ഡോക്ടർമാർക്ക് സർക്കാർ സർവ്വീസിൽ തിരികെ പ്രവേശിക്കുവാൻ ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 15 ദിവസത്തെ സമയം നൽകുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു.

## അനധികൃതാവധിയിൽ തുടരുന്ന ഡോക്ടർമാരുടെ വിശദാംശങ്ങൾ

| ക്രമ നം. | പേര് | വകുപ്പ് | ഒടുവിലത്തെ ഔദ്യോഗിക മേൽവിലാസം | അനധികൃതാവധിയിൽ പ്രവേശിച്ച തീയതി | സ്ഥിരം മേൽവിലാസം |
|---|---|---|---|---|---|
| 1. | ഡോ. സുഹാറ ഷെമിൻ കെ.എം. PEN: 870344 | പാത്തോളജി | അസിസ്റ്റന്റ് പ്രൊഫസർ, സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 20.01.2022 | ചേന്നാത്ത് ഹൌസ്, മീശപ്പടി, ഇരിങ്ങാവൂർ പി ഒ, മലപ്പുറം - 676103 |
| 2. | ഡോ. ദിവ്യ ദേത്ത് PEN: | പാത്തോളജി | അസിസ്റ്റന്റ് പ്രൊഫസർ, സർക്കാർ മെഡിക്കൽ | 01.10.2021 | ഹൌസ് നം. XI/946A, ശാന്തി ഭവൻ, വേളി, ഫോർട്ട് കൊച്ചി - |

| | | | | | |
|---|---|---|---|---|---|
| | 871290 | | കോളേജ്, ആലപ്പുഴ | | 682001 |
| 3. | ഡോ. റെയ്മോൾ ജോസ് PEN: 870701 | പാത്തോളജി | അസിസ്റ്റന്റ് പ്രൊഫസർ, സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 01.04.2022 | പാറപ്പിള്ളി ഹൌസ്, അങ്കമാലി പി.ഒ , മഡോണ ആശുപത്രിക്ക് അരികെ - 683572 |
| 4. | ഡോ.ബിജ്ജു മുരളി PEN: 698585 | പ്ലാസ്റ്റിക് ആൻഡ് റീ-കാൻസ്ട്രക്റ്റീവ് സർജറി | അസിസ്റ്റന്റ് പ്രൊഫസർ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 18.06.2023 | ശ്രുതി-A-62, ശ്രീനഗർ, വെൺചാവോട്, ശ്രീകാര്യം, തിരുവനന്തപുരം - 695017 |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഡോക്ടർമാർ 15 ദിവസത്തിനകം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ (റൂം നമ്പർ 603, ആറാം നില, അനക്സ് 2, ഗവ.സെക്രട്ടറിയറ്റ്, തിരുവനന്തപുരം) ഹാജരാകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന ഡോക്ടർമാരെ, ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 311 (3), 1960 -ലെ കേരളാ സിവിൽ സർവ്വീസുകൾ ( തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടത്തിലെ 18(ii), കേരളാ സർവ്വീസ് റൂൾസിലെ അപ്പൻഡിക്സ് XII A Part I -ലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ഇനിയൊരു നോട്ടീസ് നല്കാതെ സർവ്വീസിൽ നിന്നും പിരിച്ച് വിടുന്നതാണ്.

Rajan

Dr. Rajan Namdev Khobragade I A S
ADDITIONAL CHIEF SECRETARY